# KIDS CORNER

## നല്ല സ്നേഹിതൻ

ശാന്തിപുരം ഗ്രാമത്തിലെ ധനികനായ വ്യവസായിയാണ് ചന്ദൻലാൽ. നിത്യോപയോഗസാധനങ്ങൾ വാങ്ങുവാനായാലും, ചെറുതോ, വലുതോ ആയ വസ്തുക്കളുടെ ഈടിന്മേൽ പണം വായ്പ വാങ്ങുവാനായാലും ഗ്രാമവാസികൾ ചന്ദനെ ആശ്രയിക്കേണ്ടിവന്നു. ലാഭവും കൊള്ളപലിശയും വാങ്ങി ഗ്രാമവാസികളെ ദ്രോഹിച്ച് അദ്ദേഹം ധാരാളം പണം സമ്പാദിച്ചിരുന്നു. പാവപ്പെട്ട വരെയോ, ബലഹീനരെയോ സഹായിക്കുവാൻ വിസമ്മതിച്ചിരുന്ന ചന്ദനെ ഗ്രാമവാസികൾ “ പിശുക്കൻ ചന്ദു “ എന്ന ഓമനപ്പേരിലാണ് വിളിച്ചിരുന്നത്.



ചന്ദന്റെ ഏകമകൻ ഗോപു ശാന്തിപുരത്തെ ഗവ. യു.പി സ്കൂളിലെ അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. സഹപാഠികളും, ഗ്രാമവാസികളും അവനെ ‘ കൊച്ചു പിശുക്കൻ, പിശുക്കന്റെ സന്തതി’ എന്നീ ഓമനപ്പേരുകൾ വിളിച്ചിരുന്നു. വീട്ടിൽ വന്നാൽ സ്നേഹത്തോടെ തന്നെയോ, അമ്മയെയോ നോക്കാത്ത പിതാവിനെ അവൻ വെറുപ്പോടെയാണ് കണ്ടിരുന്നത്. ഗോപുവിന് തന്നോടുതന്നെ വെറുപ്പായിത്തീർന്നു. അവനെ പിശുക്കന്റെ മകൻ കൊച്ചു പിശുക്കൻ മുതലായ ഓമനപ്പേരുകൾ വിളിക്കുന്ന സഹപാഠികളെ അവൻ ഉപദ്രവിക്കുവാൻ തുടങ്ങി. മിടുക്കനായ അവന്റെ പഠനത്തിലെ ശ്രദ്ധ കുറഞ്ഞു. അവൻ അദ്ധ്യാപകർക്ക് ഒരു തലവേദന ആയി മാറി. അദ്ധ്യാപകർ വിദ്യാലയത്തിലേക്ക് ചന്ദൻലാലിനെ ക്ഷണിച്ചാൽ അയാൾ പോയിരുന്നില്ല. കാരണം കച്ചവടസമയം ഒരു വിധത്തിലും നഷ്ടപ്പെടുത്താൻ അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല. കടയിൽ ചെന്ന് വിവരങ്ങൾ പറയുന്ന അദ്ധ്യാപകരോട് അപമര്യാദയായിട്ടാണ് അയാൾ സംസാരിച്ചിരുന്നത്.

അദ്ധ്യാപകന്റെ ജോലി വിശ്വസ്തതയോടെ ചെയ്തിരുന്ന ചാക്കോമാസ്റ്റർ സ്ഥലം മാറ്റം ലഭിച്ച് ശാന്തിപുരം വിദ്യാലയത്തിലെത്തി ചുമതലയേറ്റു. അദ്ദേഹത്തിന്റെ മകൻ ബാബുവിനെ ആ വിദ്യാലയത്തിൽ തന്നെ അഞ്ചാം ക്ലാസിൽ ചേർക്കയും ചെയ്തു.

ആദ്യ ദിവസം ക്ലാസിലേക്ക് പ്രവേശിച്ച ബാബു കാണുന്നത് കോപാകുലനായി അസഭ്യം പുലമ്പി മറ്റുള്ള കുട്ടികളെ ദേഹോപദ്രവം ഏല്പിക്കുന്ന ഗോപുവിനെയാണ്. അന്ന് വളരെ ഭയത്തോടെയാണ് അവൻ ക്ലാസിലിരുന്നത്.

സഹഅദ്ധ്യാപകരും, സഹപാഠികളും ചാക്കോമാസ്റ്ററോടും, ബാബുവിനോടും ഗോപുവിനെയും പിതാവിനെയും പറ്റിയുള്ള സകലവിവരങ്ങളും പറഞ്ഞ് കേൾപ്പിക്കുകയുണ്ടായി. അടുത്തുള്ള ദിവസങ്ങളിൽ അവനെ ശ്രദ്ധിച്ച ചാക്കോസാറിന് അവൻ മിടുക്കനായ ഒരു വിദ്യാർത്ഥിയാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. അവനെ നേർവഴിയിലേക്ക് നയിക്കാതിരുന്ന അദ്ധ്യാപകരെ അദ്ദേഹം ശാസിച്ചു. ബാബുവിനെ കളിയാക്കുന്ന കുട്ടികളെ അതിൽ നിന്ന് തന്ത്രപൂർവ്വം ചാക്കോസാർ പിന്തിരിപ്പിക്കുകയും അവനോട് കൂടുതൽ അടുക്കുകയും ചെയ്തു. കൂടാതെ ബാബു അവന്റെ നല്ല ഒരു സുഹൃത്തായി മാറി. നല്ല സുഹൃത്തിനെ ലഭിച്ചപ്പോൾ അവന്റെ സംസാരവും പ്രവർത്തിയും നല്ലതായി. അതോടൊപ്പം പഠനകാര്യത്തിൽ അവൻ പുരോഗമിക്കുകയും ചെയ്തു.

ഒരു ദിവസം ചാക്കോ മാസ്റ്റർ ചന്ദൻ ലാലിന്റെ കടയിൽ ചെന്നു. ഗോപുവിന്റെ അദ്ധ്യാപകനെന്ന് സ്വയം പരിചയപ്പെടുത്തിയ മാസ്റ്ററെ പരുഷമായ സംസാരത്താൽ അയാൾ അപമാനിച്ചു. ഇതു കൂട്ടാക്കാതെ മാസ്റ്റർ നല്ലവനായി മാറിയ ഗോപുവിനെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങി. ചന്ദ്രൻ പ്രതികരിക്കാതിരുന്നിട്ടും മാസ്റ്റർ തുടർന്നുള്ള ദിവസങ്ങളിൽ കടയിലെത്തി. ക്രമേണ മാസ്റ്ററോടു സംസാരിക്കുവാൻ ചന്ദൻ താല്പര്യം കാട്ടി തുടങ്ങി. തുടർച്ചയായ സംസാരത്താൽ സുഹൃത്തായിത്തീർന്ന ചന്ദനോട് കള്ളത്തുലാസ്, കള്ളപ്പടി ഇവ പാപമാണെന്ന് അയാൾ പറഞ്ഞു. മാസ്റ്റർ പറഞ്ഞ ഉപദേശം സ്വീകരിച്ച അയാൾ ഒരു നല്ല മനുഷ്യനായി തീർന്നു. ചന്ദനിൽ വന്ന മാറ്റം ആ കുടുംബത്തെ മാത്രമല്ല ഗ്രാമവാസികളെയും സന്തുഷ്ടരാക്കി ഗോപു ആ വിദ്യാലയത്തിലെ ഏറ്റവും നല്ല കുട്ടിക്കുള്ള ആ വർഷത്തെ സമ്മാനം നേടുകയും ഉണ്ടായി. പ്രിയമുള്ള കുഞ്ഞുങ്ങളെ ! നമ്മുടെ സഹവർത്തിത്വം എങ്ങനെയുള്ളവരോട് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. രണ്ടുതരം തൂക്കവും, രണ്ടുതരം അളവും യഹോവ വെറുക്കുന്നു. (സദൃ.20:10), ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമത്രെ. (1 തിമൊ 6:10) യാതൊരുവിധ അശുദ്ധിയും, അത്യാഗ്രഹവും പാടില്ല. (എഫേ. 5:3)

ഈ വചനങ്ങൾ ഹൃദിസ്തമാക്കി നല്ലവരായി ജീവിക്കുക.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind